# ജുമുഅ ഖുത്വ്ബയുടെ ഭാഷ

ഖുത്വ്ബയുടെ ഭാഷ നമസ്കാരത്തിന്റെ ഭാഷയുമായി ബന്ധിപ്പിക്കുക എന്നത് ഈ വിഷയത്തിൽ പൊതുവേ കാണപ്പെടുന്ന ഒരു അബദ്ധമാണ്. തന്മൂലം വിഷയത്തെ സംബന്ധിച്ച ചർച്ച കൂടിക്കുഴഞ്ഞുപോകുന്നു. അതിനാൽ നമസ്കാരത്തിന്റെയും ഖുത്വ്ബയുടെയും നിലപാടുകൾ തമ്മിലുള്ള അന്തരം ആദ്യം വ്യക്തമാക്കേണ്ടിയിരിക്കുന്നു.

## ഖുത്വ്ബ ജുമുഅ നമസ്കാരത്തിന്റെ ഭാഗമല്ല

ജുമുഅ നമസ്കാരത്തിന്റെ ഒരു ഭാഗമത്രെ ഖുത്വ്ബ എന്നാണ് ചിലരുടെ ധാരണ. ളുഹ്ർ നമസ്കാരത്തിന്റെ നാല് റക്അത്തുകളിൽ രണ്ട് റക്അത്ത് ചുരുക്കിയിട്ടുള്ളത് ഖുത്വ്ബക്ക് വേണ്ടിയാണെന്ന് അവർ തെളിവായി ഉദ്ധരിക്കുന്നു:

إنما قصرت الجمعة لاجل الخطبة

(ജുമുഅഃ ചുരുക്കിയിട്ടുള്ളത് ഖുത്വ്ബക്ക് വേണ്ടിയാണ്) എന്ന് ഉമർ(റ), ആയിശ(റ) എന്നിവരിൽനിന്ന് നിവേദനം ചെയ്യപ്പെട്ട ഹദീസുകളും അവർ ചൂണ്ടിക്കാണിക്കുന്നു. ഖുത്വ്ബ നമസ്കാരത്തിലെ രണ്ടു റക്അത്തുകളുടെ സ്ഥാനത്താണ് നിൽക്കുന്നത്. അതിനാൽ നമസ്കാരത്തിന്റെ അതേ നിലപാട് തന്നെയാണ് ഖുത്വ്ബക്കുമുള്ളത്. നമസ്കാരം അറബിയല്ലാത്ത ഭാഷയിൽ നിർവഹിക്കാൻ പാടില്ലെങ്കിൽ ഖുത്വ്ബയും പാടില്ലെന്ന് വ്യക്തം. ഇതാണ് വാദം. പക്ഷേ, ഇത് കേവലം ഉപരിപ്ലവമായ വാദം മാത്രമാണ്. രണ്ടിന്റെയും വിധികളുടെ വിശദാംശങ്ങളിൽ ദൃഷ്ടിപതിപ്പിക്കുമ്പോൾ നമസ്കാരത്തിന്റെ സാധുതക്കാവശ്യമായ ഉപാധികൾ ഖുത്വ്ബയുടെ സാധുതക്ക് ഉപാധികളല്ലെന്ന് വ്യക്തമാവുന്നതാണ്. നമസ്കാരത്തിന് ശുദ്ധി(ത്വഹാറത്ത്) നിബന്ധനയാണ്. ഖുത്വ്ബക്ക് അത് നിബന്ധനയില്ല. എത്രത്തോളമെന്നാൽ ഒരാൾ ഓർമയില്ലാതെ 'ജനാബത്തു' കാരനായിക്കൊണ്ട് ഖുത്വ്ബ നിർവഹിച്ചാൽപോലും പിന്നീടത് ആവർത്തിക്കേണ്ടതില്ല. (ഹനഫീ മദ്ഹബ് പ്രകാരമാണിത്-വിവ:)

നമസ്കാരത്തിൽ ഖിബ്‌ലയെ അഭിമുഖീകരിക്കൽ നിബന്ധനയാണ്. ഖുത്വ്ബയിൽ ഖിബ്‌ലയെ അഭിമുഖീകരിക്കൽ നിർബന്ധമില്ലെന്ന് മാത്രമല്ല, ഖിബ്‌ലക്ക് പിൻതിരിഞ്ഞ് സദസ്സിനെ അഭിമുഖീകരിക്കണമെന്നാണ് വിധി.

നമസ്കാരമധ്യേ സംഭാഷണം നടത്തിയാൽ നമസ്കാരം അസാധുവായിപ്പോവും. എന്നാൽ ഖുത്വ്ബയിൽ അതിന് വിരോധമില്ല. നബി (സ)യിൽനിന്നും സഹാബിവര്യന്മാരിൽനിന്നും അത് സ്ഥിരപ്പെട്ടിട്ടുണ്ട്. നമസ്കാരത്തിന് നിർണിതമായ ചില സമയങ്ങളുണ്ട്. ഖുത്വ്ബയാവട്ടെ സമയത്തിന് അല്പം മുമ്പ് തുടങ്ങിയാലും ദോഷമില്ല.

ജുമുഅ നമസ്കാരത്തിന് ഹനഫീ പക്ഷപ്രകാരം ചുരുങ്ങിയത് മൂന്ന് ആളുകളെങ്കിലും വേണം. ഖുത്വ്ബയിൽ ഇമാമിനെ കൂടാതെ ഒരാളെങ്കിലും ഉണ്ടായാൽ മതി.

ജുമുഅ നമസ്കാരം 'ഫാസിദാ'യിപ്പോയാൽ മടക്കി നിർവഹിക്കണം. ഖുത്വ്ബ മടക്കി നിർവഹിക്കേണ്ടതില്ല.

ഇതെല്ലാം ഖുത്വ്ബ ജുമുഅ നമസ്കാരത്തിന്റെ ഭാഗമല്ലെന്നാണ് വ്യക്തമാക്കുന്നത്. അല്ലാമാ ശർഖി എഴുതുന്നതു കാണുക:

**قال بعض مشائخنا "الخطبة تقوم مقام ركعتين" ولهذا لا تجوز الا بعد دخول**

**الوقت والاصح إنها لا تقوم مقام شطر الصلوة** (المبسوط ٨٦ كبات الجمعة)

(ഖുത്വ്ബ രണ്ടു റക്അത്തുകളുടെ സ്ഥാനത്താണ് നിൽക്കുന്നതെന്നും അതിനാൽ സമയമായല്ലാതെ അത് നിർവഹിക്കപ്പെടാവതല്ലെന്നും നമ്മുടെ ചില ഗുരുവര്യന്മാർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ഏറ്റവും ശരിയായിട്ടുള്ള അഭിപ്രായം അത് നമസ്കാരത്തിന്റെ ഒരു ഭാഗമായല്ല നിൽക്കുന്നത് എന്നത്രെ.)

'ശറഹുൽ ഇനായ അൽഹിദായ'യിൽ ഇങ്ങനെ കാണാം:

**انها ليست بركن لان ركن الشيئ ما يقوم به ذلك الشيئ وصلوة**

**الجمعة لا تقوم بالخطبة وانما تقوم باركانها فكانت شرط**

(ഖുത്വ്ബ ജുമുഅ നമസ്കാരത്തിന്റെ 'റുക്ൻ' അല്ല. ഒരു വസ്തു ഏതൊന്നിനെ അടിസ്ഥാനമായാണോ നില്ക്കുന്നത് അതിന്നാണ് 'റുക്ൻ' എന്നു പറയുന്നത്. ഖുത്വ്ബയെ അടിസ്ഥാനമാക്കിയല്ല ജുമുഅ നമസ്കാരം നില്ക്കുന്നത്, ജുമുഅയുടെ തന്നെ റുക്നുകളെ ആസ്പദിച്ചാണ്. അതിനാൽ ഖുത്വ്ബ, ജുമുഅയുടെ റുക്ന് അല്ല, 'ശർത്' മാത്രമാണ്.)

## ഉദ്ദേശ്യങ്ങളുടെ അന്തരം

നമസ്കാരമെന്നപോലെത്തന്നെ ഖുത്വ്ബയും ഒരു ഇബാദത്ത് ആണെന്നതിൽ സംശയമില്ല. പക്ഷേ, രണ്ടിന്റെയും ഉദ്ദേശ്യങ്ങൾ വ്യത്യസ്തമാണ്. നമസ്കാരത്തിൽ താൻ ചൊല്ലുന്ന വാക്യങ്ങളുടെ അർഥം മനസ്സിലായിട്ടില്ലെങ്കിലും അതുകൊണ്ട് ഉദ്ദേശ്യങ്ങൾ നിറവേറാതെ പോവുന്നില്ല. എന്തുകൊണ്ടെന്നാൽ അല്ലാഹു തന്റെ മേൽ നിർബന്ധമാക്കിയ ഇബാദത്ത് നിർവഹി

ക്കേണ്ടത് തന്റെ കടമയാണെന്ന് മനസ്സിലാക്കുക, നമസ്കാര സമയം ആവുമ്പോൾ അതിന്നായി എഴുന്നേല്ക്കുക, അതിൽ ശ്രദ്ധ പതിപ്പിക്കുക, പിന്നീട് എല്ലാ ശർതുകളോടും അർകാനുകളോടും കൂടി, അല്ലാഹു തന്റെ ഏറ്റവും പതുങ്ങിയ സംസാരം പോലും കേൾക്കുന്നുണ്ടെന്ന ബോധത്തോടെ അത് നിർവഹിക്കുക, 'റുകൂഇ'ലും 'സുജൂദി'ലും നിർത്തത്തിലും ഇരുത്തത്തിലും താൻ എന്തെല്ലാം ചെയ്യുന്നുവോ അതെല്ലാം അല്ലാഹുവിന്ന് വേണ്ടിയാണെന്നും അവനൊഴിച്ച് മറ്റാർക്കും താൻ ഇബാദത്ത് ചെയ്യുകയില്ലെന്നുമുള്ള ധാരണ ഉണ്ടായിരിക്കുക. ഇതെല്ലാംതന്നെ നമസ്കാരം എന്തുദ്ദേശ്യങ്ങൾക്കാണോ നിർബന്ധമാക്കപ്പെട്ടിട്ടുള്ളത് ആ ഉദ്ദേശ്യങ്ങൾ നിറവേറ്റാൻ തികച്ചും പര്യാപ്തമാണ്. എന്നാൽ ഖുത്ബ എന്തിന്നുവേണ്ടിയാണോ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് അതു സദസ്സിനു മനസ്സിലാവുന്ന ഭാഷയിൽ നിർവഹിക്കപ്പെട്ടാലല്ലാതെ നിറവേറുകയില്ല. എന്തുകൊണ്ടെന്നാൽ ദൈവഭക്തിയും ദൈവാഭിമുഖ്യവും ദൈവസ്മരണയും വളർത്തുക മാത്രമല്ല ഖുത്ബയുടെ താല്പര്യം; പ്രത്യുത മതവിധികളുടെ വിവരണവും അധ്യാപനവും പ്രബോധനവും ഉപദേശവും ഉൽബോധനവും കൂടിയാണ്. ഖുത്ബയിൽ വിശദീകരിക്കുന്ന ഈ ഉപദേശങ്ങളും വിധികളും ജനങ്ങൾക്ക് മസ്സിലാവുന്ന ഭാഷയിലല്ലെങ്കിൽ ഉദ്ദിഷ്ടഫലം ലഭ്യമാവുകയില്ല.

### ഖുത്ബയുടെ ഉദ്ദേശ്യം

ജനങ്ങൾക്ക് മതവിധികൾ പഠിപ്പിക്കുകയും അവർക്ക് ഉപദേശങ്ങളും ഉൽബോധനങ്ങളും നല്കുകയുമാണ് ഖുത്ബയുടെ ഉദ്ദേശ്യം എന്നത് ചിലർ അംഗീകരിക്കുന്നില്ല. ഖുർആനിൽ അല്ലാഹു ഖുത്ബയെ 'ദിക്റുല്ലാഹ്' എന്നാണ് വ്യവഹരിച്ചിട്ടുള്ളതെന്ന് അവർ വാദിക്കുന്നു ( فاسعوا إلى ذكر الله ). അതിനാൽ ഖുത്ബയും നമസ്കാരത്തെപ്പോലെയുള്ള ഒരു ഇബാദത്താണ്. അതു ജനങ്ങൾക്ക് മനസ്സിലായിക്കൊള്ളണമെന്നു നിർബന്ധമില്ല. ഖുത്ബയുടെ നിബന്ധന പൂർത്തിയാവാൻ 'ഹംദും സനാഉം' മാത്രം മതിയെന്നും സാധാരണഗതിയിൽ പ്രസംഗം എന്ന് വ്യവഹരിക്കപ്പെടുന്നത് ജുമുഅ നമസ്കാരത്തിന് ശർത് അല്ലെന്നുമുള്ള അബൂഹനീഫ(റ)യുടെ ഒരു അഭിപ്രായം ഇവർ തെളിവായി ഉദ്ധരിക്കുന്നു. ഹ. ഉസ്മാൻ(റ) ഖുത്ബ നിർവഹിക്കാൻ മിമ്പറിൽ കയറിയപ്പോൾ കലാപകാരികളുടെ കുഴപ്പം ഭയന്ന് 'അൽഹംദുലില്ലാഹ്' എന്ന് മാത്രം പറഞ്ഞ് ഇരിക്കുകയും സഹാബിവര്യൻമാരിൽ ആരും അതിൽ എതിരഭിപ്രായം പ്രകടിപ്പിക്കാതിരിക്കുകയും ചെയ്ത സംഭവവും ഇതിന് മറ്റൊരു തെളിവായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

എന്നാൽ വിവിധ കാരണങ്ങളാൽ ഈ തെളിവുകൾ സ്വീകാര്യമല്ല. ഒന്നാമതായി فاسعوا إلى ذكر الله എന്ന ഖുർആൻ വാക്യത്തിലെ ذكر الله എന്നത് കൊണ്ടുള്ള വിവക്ഷ ജുമുഅ ഖുത്ബയാണെന്ന് ഖണ്ഡിതമായി പറയാവതല്ല. ذكر എന്നതുകൊണ്ടുള്ള ഉദ്ദേശ്യം നമസ്കാരവുമാവാം. മാത്രമല്ല, ഖുർആനിൽ ഈ പദം ഉപയോഗിച്ചിട്ടുള്ള മിക്ക സ്ഥലങ്ങളിലും നമസ്കാരമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ذكر എന്നതുകൊണ്ട് വിവക്ഷ വെറും ഖുത്ബയാണോ അതല്ല രണ്ടും കൂടിയാണോ എന്നതു ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിലും കർമശാസ്ത്രകാരന്മാർക്കിടയിലും അഭിപ്രായവ്യത്യാസമുള്ള കാര്യമാണ്.* എന്നാൽ പ്രസ്തുത ഖുർആൻ സൂക്തത്തിലെ സന്ദർഭത്തിൽനിന്ന് മനസ്സിലാവുന്നത് 'ദിക്റ്' എന്ന ഇവിടത്തെ പ്രയോഗം നമസ്കാരം എന്ന അർഥത്തിലെടുക്കുന്നതാണ് കൂടുതൽ ശരിയെന്നാണ്. എന്തുകൊണ്ടെന്നാൽ ആദ്യം പറഞ്ഞിരിക്കുന്നത് إِذَا نُودِيَ لِلصَّلَاةِ مِنْ يَوْمِ الْجُمُعَةِ എന്നത്രെ. പിന്നീട് فاسعوا إلى ذكر الله എന്ന് പറഞ്ഞിരിക്കുന്നു. ഇതിൽ നിന്ന് യഥാർഥത്തിൽ 'ദിക്റ്' കൊണ്ട് വിവക്ഷിച്ചിട്ടുള്ളത് നമസ്കാരമാണെന്നു മനസ്സിലാക്കാം. ഖുത്ബ അതിന്റെ വിശാലമായ ഉള്ളടക്കത്തിൽ മാത്രമേ പെടുന്നുള്ളൂ. അല്ലാതെ ദിക്റിന്റെ വിവക്ഷ ഖുത്ബ മാത്രമായിരുന്നെങ്കിൽ إلى ذكر الله والصلوة എന്ന് പറയേണ്ടിയിരുന്നു.

രണ്ടാമതായി, 'ദിക്റുല്ലാഹി'യെ നമസ്കാരം എന്ന അർഥത്തിലല്ലാതെ ദൈവസ്മരണ എന്ന അർഥത്തിലാണ് എടുക്കുന്നതെങ്കിൽ ദൈവസ്മരണ അറബി ഭാഷയിൽ മാത്രമേ പാടുള്ളൂ എന്നതിന് എന്ത് തെളിവാണുള്ളത്? ദൈവസ്മരണ അറബി ഭാഷയിൽ പരിമിതപ്പെടുത്തുന്നത് യുക്തിക്കും പ്രമാണത്തിനും എതിരാണ്. അല്ലാഹുവെ ഓർക്കുന്നുവെങ്കിൽ അത് അറബിയിൽ മാത്രമായിരിക്കണമെന്ന് ഖുർആനിലോ ഹദീസിലോ എവിടെയും പറഞ്ഞിട്ടില്ല. അതുകൊണ്ടാണ് ഇമാം അബൂഹനീഫ(റ) ഇപ്രകാരം പറഞ്ഞിട്ടുള്ളത്:

الذكر المفيد للتعظيم يحصل بخدا بزرك هست كما يحصل بقوله الله اكبر

(അല്ലാഹുവെ മഹത്വപ്പെടുത്തുന്നതിന് അല്ലാഹു അക്ബർ എന്നു പറയുന്നത് എപ്രകാരം ഫലപ്പെടുമോ അതേ പ്രകാരം ഫാർസിയിൽ 'ഖുദാ ബുസ്റഗ് ഹസ്ത്' എന്നു പറയുന്നതുകൊണ്ടും സിദ്ധിക്കുന്നതാണ്.) ഇതിനെ ബലപ്പെടുത്തിക്കൊണ്ട് ഇമാം മുഹമ്മദ് ഇപ്രകാരം പറയുന്നു: الذكر يحصل بكل لسان (ദിക്റ് ഏതു ഭാഷയിലും സാധ്യമാണ്.)

മൂന്നാമതായി, ഖുത്ബയുടെ ഉപാധി പൂർത്തിയാവാൻ 'ഹംദും സനാഉം' മതിയെന്ന ഹനഫികളുടെ അഭിപ്രായത്തിന്, ഖുത്ബയുടെ ഉദ്ദേശ്യം അവകൊണ്ട് മാത്രം സിദ്ധിക്കുമെന്നും മറ്റു സംഗതികളെല്ലാം അതേ പ്രാധാന്യമില്ലാത്ത അധികപ്പറ്റുകളാണെന്നും അർഥം വരുന്നതെങ്ങനെയാണ്?* ജുമുഅയുടെ ജമാഅത്തിന്റെ ഉപാധി പൂർത്തിയാവാൻ മൂന്നാളുണ്ടായാൽ മതിയെന്നതും ഹനഫികളുടെ അഭിപ്രായമാണ്. അപ്പോൾ ജുമുഅ മൂലം എന്തുദ്ദേശിച്ചിരിക്കുന്നുവോ അത് സിദ്ധിക്കാൻ ഇത്രയും ചെറിയൊരു ജമാഅത്ത് മതിയെന്നും കൂടുതൽ വലിയൊരു ജമാഅത്ത് അതിന്നുവേണ്ടി സംഘടിപ്പിക്കുന്നതിൽ യാതൊരു പ്രാധാന്യവുമില്ലെന്നും അതിൽനിന്ന് മനസ്സിലാക്കുന്നത് ശരിയായിരിക്കുമോ?

നാലാമതായി, ഖുത്ബയുടെ ഉദ്ദേശ്യം, ഉപദേശവും ദൈവസ്മരണയുമാണെന്ന് ഹനഫീ പണ്ഡിതന്മാർ തന്നെ വ്യക്തമാക്കിയതാണ്.

ولو خطب قاعدا او على غير طهارة جاز لحصول المقصود

(ഇരുന്നുകൊണ്ടോ ശുദ്ധിയില്ലാതെയോ ഖുത്ബ നിർവഹിച്ചാലും, ഉദ്ദേശ്യം സിദ്ധമാവുന്നതിനാൽ അതനുവദനീയമാണ്) എന്ന് 'ഹിദായ'യിൽ കാണാം. അല്ലാമാ ഇബ്നു ഹുമാം ഈ ഉദ്ദേശ്യത്തെ ഇപ്രകാരം വിശദീകരിക്കുന്നു: هو الذكر والموعظة (അത് ദിക്റും ഉപദേശവുമാകുന്നു.) ഹനഫികൾ മാത്രമല്ല പൂർവികരിൽ സക

ലരും ഖുത്വ്ബയുടെ ഉദ്ദേശ്യമായി ഇതുതന്നെയാണ് മനസ്സിലാക്കിയിട്ടുള്ളത്. തദടിസ്ഥാനത്തിലാണ് പലപ്പോഴുമവർ ഖുത്വ്ബക്ക് പകരമായി 'മൗഇളത്തുൽ ഇമാം' എന്ന പദം ഉപയോഗിച്ചു കാണുന്നതും. ഫത്ഹുൽ ബാരിയിൽ ഒരു ഹദീസ് വിശദീകരിച്ചുകൊണ്ട് അല്ലാമാ ഇബ്നു ഹജർ(റ) എഴുതുന്നത് കാണുക:

ومن حكمة استقبالهم الامام لتهيؤ السماع كلامه وسلوك الادب معه في استماع كلامه فاذا استقبله لوجهه واقبل عليه بجسده وبقلبه وحضور ذهنه كان ادعى لتفهم موعظته وموافقته فيما شرح له القيام لاجله (ج ٣ ص ٢٢٧)

(ശ്രോതാക്കൾ ഇമാമിനെ അഭിമുഖീകരിച്ചിരിക്കണമെന്ന് നിർദേശിക്കപ്പെട്ടിട്ടുള്ളതിന്റെ തത്വം അദ്ദേഹത്തിന്റെ സംസാരം കേൾക്കാൻ അവർ തയ്യാറെടുക്കുക, മുറകളും മര്യാദകളും പാലിച്ചുകൊണ്ട് പ്രസംഗം ശ്രവിക്കുക എന്നിവയത്രെ. ശ്രോതാവ് തന്റെ ശരീരവും മനസ്സുമെല്ലാം പ്രാസംഗികന്റെ നേരെ തിരിച്ചുകൊണ്ട് ഏകാഗ്രചിത്തനായി പ്രസംഗം ശ്രവിക്കുകയാണെങ്കിൽ ഇമാമിന്റെ ഉപദേശം അവന്നു നന്നായി മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടി ഇമാം പ്രസംഗിക്കാൻ കൽപിക്കപ്പെട്ടിരിക്കുന്നുവോ അതിന് കൂടുതൽ സഹായവുമായിരിക്കും ഇത്.)

അഞ്ചാമതായി, ഖുത്വ്ബ സമ്പ്രദായം നടപ്പാക്കുന്നതുമൂലം ദൈവസ്മരണ മാത്രമാണ് ശാരിഅ് ഉദ്ദേശിച്ചിരുന്നതെങ്കിൽ അതിന് നമസ്കാരം തന്നെ മതിയായിരുന്നില്ലേ എന്ന കാര്യവും ചിന്തനീയമാണ്. നമസ്കാരമാവട്ടെ ഈ ഉദ്ദേശ്യം അതിന്റെ പൂർണ രൂപത്തിൽ നിറവേറ്റുന്നുണ്ടുതാനും. ഏറ്റവും പരിപൂർണമായ നമസ്കാരം പോലുള്ള ഒരു ഇബാദത്ത് ചുരുക്കിക്കൊണ്ട് അതിന്റെ സമയത്തിൽ നിന്നുള്ള ഒരു ഭാഗം ഖുത്വ്ബക്ക് വേണ്ടി നീക്കിവെക്കുകയും അത് ജുമുഅയുടെ നിബന്ധന(ശർത്വ്)കളിൽ ഉൾപ്പെടുത്തുകയും ചെയ്തത് പിന്നെ എന്തിനാണ്?

ആറാമതായി, ജുമുഅ നമസ്കാരത്തിന് ഖുത്വ്ബ ശർത്വാണെന്ന് ഫുഖഹാക്കൾ വെച്ചിട്ടുള്ളത് നബി(സ)യുടെ നിരന്തര കർമത്തെ അടിസ്ഥാനമാക്കിയാണ്. നബി(സ)യോ ഖുലഫാഉകളോ സഹാബിവര്യന്മാരോ ഖുത്വ്ബ കൂടാതെ ജുമുഅ നമസ്കരിച്ചിട്ടില്ല. ഇതിൽനിന്നു ജുമുഅക്കു ഖുത്വ്ബ ശർത്വാണെന്ന കാര്യം അവർ കണ്ടെത്തി. ഇതേപ്രകാരംതന്നെ നബിയുടെയും സഹാബിവര്യന്മാരുടെയും മുതവാത്തിറായ പ്രവർത്തനത്തിൽനിന്ന് ഖുത്വ്ബ കേവലം 'ഹംദും സനാഉം' മാത്രമല്ലെന്നും നാം മനസ്സിലാക്കി. പ്രത്യുത, അതിൽ ദൈവഭക്തി ജനിപ്പിക്കുന്ന ഉപദേശങ്ങളുണ്ടായിരുന്നു; ശരീഅത്തിന്റെ വിധികൾ വിശദീകരിച്ചിരുന്നു; സാമൂഹ്യവും വ്യക്തിപരവുമായ നടപടികളെ സംബന്ധിച്ച ഉൽബോധനങ്ങളുണ്ടായിരുന്നു. എത്രത്തോളമെന്നാൽ ഖുത്വ്ബക്കിടയിൽതന്നെ ഏതെങ്കിലും വ്യക്തിയുടെ തെറ്റുകൾ ശ്രദ്ധയിൽ പെട്ടാൽ അത് തിരുത്താറ് പോലുമുണ്ടായിരുന്നു; അവശതയനുഭവിക്കുന്ന വല്ലവരുമുണ്ടായാൽ അയാളെ സഹായിക്കാൻ അഭ്യർഥിക്കാറുമുണ്ടായിരുന്നു; ആർക്കെങ്കിലും വല്ല പരാതിയുമുണ്ടായാൽ അതു ഇമാമിന്റെ മുമ്പാകെ സമർപ്പിക്കുകയും ഇമാം അത് ശ്രദ്ധിക്കുകയും ചെയ്തിരുന്നു. നബി(സ)യും ഖുലഫാഉർറാശിദുകളും എപ്രകാരം ഖുത്വ്ബ കൂടാതെ ജുമുഅ നമസ്കരിച്ചിരുന്നില്ലയോ അതേപ്രകാരം തിരുമേനിയും സഖാക്കളും ഉപര്യുക്ത സവിശേഷതകളിൽനിന്നു മുക്തമായ ഒരു പ്രസംഗവും നിർവഹിച്ചിരുന്നില്ല.

### നബിയുടെ ഖുത്വ്ബ

നബി(സ)യുടെ ജുമുഅ പ്രഭാഷണങ്ങളിൽ ചിലത് ഇവിടെ ഉദ്ധരിക്കുന്നത് പ്രസ്തുത ചടങ്ങിന്റെ യഥാർഥ നിലപാട് എന്താണെന്ന് മനസ്സിലാക്കാൻ സഹായകമായിരിക്കും. ഉബൈദുബ്നുസ്സിബാഖിൽനിന്ന് നിവേദനം: നബി തിരുമേനി തന്റെ ഒരു ജുമുഅ പ്രഭാഷണത്തിൽ ഇപ്രകാരം പറഞ്ഞു: "മുസ്ലിം സമൂഹമേ, അല്ലാഹു നിങ്ങൾക്ക് ഒരു ആഘോഷമായി നിശ്ചയിച്ച ദിനമാണിത്. അതുകൊണ്ട് നിങ്ങൾ കുളിച്ച് ശുദ്ധിയായി വരിക; വല്ലവന്റെ വശവും സുഗന്ധദ്രവ്യമുണ്ടെങ്കിൽ അതുപയോഗിക്കുന്നതിലെന്തുണ്ട് നഷ്ടം? പിന്നെ, ദന്തശുദ്ധി. നിർബന്ധമായും നിങ്ങളതു ചെയ്യേണ്ടതുണ്ട്." (മുവത്വ, ഇബ്നു മാജ)

അബൂസഈദുൽ ഖുദ്രി(റ)യിൽനിന്നു നിവേദനം: ഒരു ദിവസം നബി(സ) ജുമുഅ പ്രഭാഷണം നടത്തിക്കൊണ്ടിരിക്കെ ഇപ്രകാരം പറഞ്ഞു: "നിങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ ഏറ്റവുമധികം ഭയപ്പെടുന്നത് ഭൂമിയുടെ അനുഗ്രഹങ്ങളാണ്." അപ്പോൾ ഒരാൾ ചോദിച്ചു: "ദൈവദൂതരേ, ഭൂമിയുടെ അനുഗ്രഹങ്ങളെന്നാൽ എന്താണ്?" തിരുമേനി പ്രസ്താവിച്ചു: "ഇഹലോകത്തിലെ അലങ്കാരഭാഷകളും അധികാരശക്തികളും." അപ്പോൾ ഒരാൾ ചോദിച്ചു: "ദൈവദൂതരേ, തിന്മയിൽനിന്നും നന്മ ഉണ്ടാവുമോ?" തിരുമേനി അല്പസമയം നിശ്ശബ്ദനായിരുന്നു. അദ്ദേഹത്തിനു വഹ്യ് ഇറങ്ങുകയാണെന്ന് ജനങ്ങൾ മനസ്സിലാക്കി. പിന്നീട് തന്റെ നെറ്റിത്തടത്തിൽനിന്ന് വിയർപ്പ് തുടച്ചുകൊണ്ട് തിരുമേനി "ആ ചോദ്യകർത്താവ് എവിടെ" എന്ന് ആരാഞ്ഞു. "ഞാൻ ഇവിടെത്തന്നെയുണ്ടേ"ന്നു പ്രസ്തുത വ്യക്തി പറഞ്ഞപ്പോൾ തിരുമേനി ഇങ്ങനെ അരുളി: "നന്മയിൽനിന്നേ നന്മ ഉൽഭൂതമാവൂ. ഐഹിക സമ്പത്ത് അത്യാകർഷകവും മധുരതരവുമത്രെ. വസന്തകാലത്ത് സസ്യലതാദികൾ സമൃദ്ധിയായി വളരുമ്പോൾ അവ വയറുനിറയെ തിന്ന് കാലികൾ ദഹനക്കേട് ബാധിച്ച് ചാവുന്നു. ചിലത് മരണത്തിന്റെ അടുത്തുവരെ എത്തുന്നു. എന്നാൽ തിന്നുതിന്ന് വയറുനിറഞ്ഞെന്ന് കാണുമ്പോൾ തീറ്റ നിർത്തി വെയിലത്ത് കിടന്ന് അയവിറക്കുന്നവ രക്ഷപ്പെടുന്നു. ഈ ധനമെന്ന വസ്തു ഏതൊരാൾ ശരിയായ മാർഗത്തിലൂടെ നേടുകയും ശരിയായ മാർഗത്തിൽ ചെലവഴിക്കുകയും ചെയ്യുന്നുവോ അവനെ സംബന്ധിച്ചിടത്തോളം അത് ഉത്തമ സഹായിയായിരിക്കും. എന്നാൽ അനർഹമായ രീതിയിൽ ആരെങ്കിലും അതെടുത്തനുഭവിച്ചാൽ അവന്റെ ഉപമ, തിന്നിട്ടും വയർ നിറയാത്തവനെപ്പോലെയാണ്." (ബുഖാരി, കിതാബുർരിഖാഖ്, കിതാബുസ്സകാത്ത്).

അംറുബ്നു തഗ്ലിബിൽനിന്ന് നിവേദനം: ഒരിക്കൽ തിരുമേനിയുടെ അടുക്കൽ കുറച്ച് ധനം വന്നു. അത് കുറച്ചാളുകൾക്ക് ഭാഗിച്ചുകൊടുത്തു. കുറച്ചാളുകൾക്ക് ഒന്നും കൊടുത്തില്ല. കിട്ടാത്തവർക്ക് അതിന്റെ പേരിൽ

വിഷമമുണ്ടെന്ന് പിന്നീട് തിരുമേനിക്ക് മനസ്സിലായി. അതെപ്പറ്റി തിരുമേനി ഒരു ജുമുഅ പ്രഭാഷണത്തിൽ ഇങ്ങനെ പറഞ്ഞു: “ഞാൻ ഒരാൾക്ക് കൊടുക്കുന്നു; ഒരാൾക്ക് കൊടുക്കുന്നില്ല. എന്നാൽ ഞാൻ ആർക്ക് കൊടുക്കുന്നില്ലയോ അയാൾ, ഞാൻ ആർക്ക് കൊടുക്കുന്നുവോ അയാളെക്കാൾ എനിക്ക് പ്രിയപ്പെട്ടവനാകുന്നു. ആരുടെ ഹൃദയങ്ങളിൽ ദൗർബല്യവും അസ്വസ്ഥതയും കാണുന്നുവോ അങ്ങനെയുള്ള വിഭാഗത്തിനാണ് കൊടുക്കുന്നത്. എന്നാൽ അല്ലാഹു ഹൃദയങ്ങളിൽ നിരാശ്രയത്വവും നന്മയും നിക്ഷേപിച്ചവർക്ക് അത് തന്നെയാണ് ഞാൻ നല്കുന്നത്.”(ബുഖാരി)

പ്രസിദ്ധമായ മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം: ഒരാൾ ഒരിക്കൽ ജുമുഅ നമസ്കാരത്തിന് സന്നിഹിതനായി. നബി തിരുമേനി അപ്പോൾ പ്രഭാഷണം നിർവഹിക്കുകയായിരുന്നു. തിരുമേനി അയാളെ വിളിച്ചു പറഞ്ഞു: “ഹേ മനുഷ്യാ, താങ്കൾ നമസ്കരിച്ചോ?” ‘ഇല്ല’ എന്ന് അയാൾ പറഞ്ഞു. എന്നാൽ എഴുന്നേറ്റു നമസ്കരിക്കൂ” എന്ന് തിരുമേനി നിർദേശിച്ചു. യഥാർഥത്തിൽ അയാൾ ഒരു ദുരിതക്കാരനായിരുന്നു. അയാളുടെ അവശത ജനങ്ങൾ കാണുകയായിരുന്നു തിരുമേനിയുടെ ഉദ്ദേശ്യം. അയാൾ നമസ്കാരം നിർവഹിച്ചു കഴിഞ്ഞപ്പോൾ തിരുമേനി സദഖ നല്കാൻ ജനങ്ങൾക്ക് പ്രേരണ നല്കി.

ഉപര്യുക്ത ഹദീസിന്റെ ഭാഗങ്ങൾ മിക്കവാറും എല്ലാ സിഹാഹുകളിലും സുന്നത്തുകളിലും വന്നതാണ്. ഇമാം അഹ്മദ് തന്റെ മുസ്നദിൽ ഉദ്ധരിച്ച ഹദീസിൽ തിരുമേനിയുടെ ഈ വാക്കുകൾ കൂടി ഉദ്ധരിച്ചിട്ടുണ്ട്: “ഇയാൾ പള്ളിയിൽ പ്രവേശിക്കുന്നത് കണ്ടപ്പോൾ ആൾ വളരെ അവശനാണെന്നു എനിക്കു മനസ്സിലായി. അതിനാലാണ് ഞാൻ അയാളോട് രണ്ടു റക്അത്ത് നമസ്കരിക്കാൻ ആജ്ഞാപിച്ചത്. അയാളുടെ അവശനില കണ്ട് വല്ലവരും എന്തെങ്കിലും ദാനം നല്കട്ടെ എന്നായിരുന്നു എന്റെ ഉദ്ദേശ്യം.”

മറ്റൊരു ഹദീസ് കാണുക: ഒരിക്കൽ തിരുമേനി പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ ജനങ്ങളുടെ തോൾ കവച്ചുവെച്ച് മുന്നോട്ട് വരുന്നതുകണ്ട് തിരുമേനി വിളിച്ചുപറഞ്ഞു: “അവിടെ ഇരിക്കുക. നിങ്ങൾ ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണ്.”(അബൂദാവൂദ്, നസാഇ)

അനസി(റ)ൽനിന്നു നിവേദനം: ഒരിക്കൽ തിരുമേനി പ്രസംഗിക്കുകയായിരുന്നു. വറുതിയുടെ കാലമായിരുന്നു അത്. ഒരാൾ പറഞ്ഞു: “അല്ലാഹുവിന്റെ ദൂതരേ, കാലികൾ ചത്തൊടുങ്ങുന്നു. കുഞ്ഞുകുട്ടികളെല്ലാം പട്ടിണിയിലാണ്. അല്ലാഹുവോട് മഴക്കുവേണ്ടി പ്രാർഥിച്ചാലും.” തിരുമേനി അപ്പോൾതന്നെ കൈയുയർത്തി പ്രാർഥിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മഴ വർഷിച്ചു തുടങ്ങി. അടുത്ത ജുമുഅ വരെ അത് നീണ്ടു നിന്നു. അടുത്ത ജുമുഅക്കും തിരുമേനി ഖുത്ബ നിർവഹിക്കാൻ നിന്നപ്പോൾ അതേ വ്യക്തിതന്നെ വീണ്ടും എഴുന്നേറ്റ് പറഞ്ഞു: “അല്ലാഹുവിന്റെ ദൂതരേ, വീടുകളെല്ലാം തകർന്നിരിക്കുന്നു. ധനവും സാമഗ്രികളുമെല്ലാം നശിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവോട് പ്രാർഥിച്ചാലും.” തിരുമേനി അപ്പോഴും കൈയുയർത്തി പ്രാർഥിച്ചു.

പ്രസിദ്ധമായ മറ്റൊരു സംഭവം: ഒരിക്കൽ ഉമർ(റ) പള്ളിയിൽ കയറിവന്നു. ഉമർ(റ) ഇങ്ങനെ പറഞ്ഞു: “ജനങ്ങൾക്കെന്ത് പറ്റിപ്പോയി! ജുമുഅയുടെ ബാങ്കുവിളി കേട്ടിട്ടും നമസ്കാരത്തിനെത്താൻ അവർ വൈകുന്നു.” പിന്നീട് ഉസ്മാ(റ)ന്റെ നേരെ തിരിഞ്ഞ് ചോദിച്ചു: “ഇതേതാണ് സമയം?” താൻ ജോലിയിൽ വ്യാപൃതനായതാണെന്നും ബാങ്ക് കേട്ടപാടെ, വീട്ടിലേക്ക് പോവുന്നതിന് പകരം ‘വുദു’ ചെയ്തു നേരെ ഇങ്ങോട്ട് പോന്നിരിക്കയാണെന്നും ഉസ്മാൻ(റ) പ്രതിവചിച്ചു. ഇതു കേട്ടപ്പോൾ ഉമർ പറഞ്ഞു: വരാനാണെങ്കിൽ വൈകി. നിങ്ങൾ വുദുകൊണ്ട് മതിയാക്കിയിരിക്കയാണെന്ന് ഇപ്പോഴാണ് മനസ്സിലായത്. ജുമുഅ ദിവസം കുളിക്കണമെന്ന് നബി(സ) കൽപിച്ചത് നിങ്ങൾക്കറിയില്ലേ?” (ബുഖാരി, മുസ്ലിം, മുവത്വ)

നബി(സ)യുടെ അനേകം ഖുത്ബകളിൽ സഹാബികളിൽനിന്ന് ഉദ്ധരിക്കപ്പെട്ട പ്രബലമായ റിപ്പോർട്ടുകളിൽ ചിലത് മാത്രമാണ് ഇവ. മുതവാതിറായ നിലയിൽ ‘ശർഇ’ൽ നിയമമാക്കപ്പെട്ടതായി കരുതുന്ന ജുമുഅ ഖുത്ബ കേവലം ദൈവസ്മരണ മാത്രമായിരുന്നില്ല; പ്രത്യുത പ്രബോധനം, അധ്യാപനം, സംസ്കരണം, മാർഗദർശനം തുടങ്ങി വ്യക്തിപരവും സാമൂഹ്യവുമായ നിരവധി താൽപര്യങ്ങളുടെ പൂർത്തീകരണം കൂടിയായിരുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ക്രിസ്ത്യൻ ചർച്ചുകളിലെ ‘സുവിശേഷ പ്രസംഗം’ (Sermon) പോലെ ആഴ്ചയിലൊരിക്കൽ നമസ്കാരത്തിനു മുമ്പ് ഒരു ചടങ്ങിനുവേണ്ടി ജനങ്ങളെ കേൾപ്പിക്കാൻ നിശ്ചയിക്കപ്പെട്ടതല്ല യഥാർഥത്തിൽ ഇത്. മറിച്ച്, മുസ്ലിംകളുടെ സാമൂഹ്യജീവിതത്തെ ചലനാത്മകവും കർമോന്മുഖവുമാക്കിത്തീർക്കാൻ നിശ്ചയിക്കപ്പെട്ടതാണ്. ആഴ്ചയിലൊരു തവണ എല്ലാ മുസ്ലിംകളെയും ഒരുമിച്ചുകൂട്ടി അല്ലാഹുവിന്റെ വിധികൾ അവരെ കേൾപ്പിക്കുക, ദീനിന്റെ അധ്യാപനങ്ങൾ അവരുടെ മനസ്സുകളിൽ രൂഢമൂലമാക്കുക, അവരിൽ വ്യക്തിപരവും സാമൂഹ്യവുമായി വല്ല ദോഷങ്ങളുമുണ്ടെങ്കിൽ അവ പരിഹരിക്കുക, സാമൂഹ്യ ക്ഷേമത്തിന്നും വിജയത്തിന്നും ആസ്പദമായ പ്രവർത്തനങ്ങളിലേക്ക് അവരെ തിരിച്ചുവിടുക-ഇതൊക്കെയാണ് ഖുത്ബയുടെ ഉദ്ദേശ്യം. ചുരുക്കത്തിൽ, രാഷ്ട്രത്തലവൻ നേരിട്ട് ഗവൺമെന്റിന്റെ നയങ്ങൾ ഈ സന്ദർഭത്തിൽ ജനങ്ങളുടെ മുമ്പാകെ വെക്കുകയും അവിടെ വെച്ചുതന്നെ പൗരന്മാരിലാർക്കും അതിനെ ചോദ്യം ചെയ്യാനും സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാനും അവസരം ലഭിക്കുകയും ചെയ്യുന്നു.

## നമസ്കാരവും ഖുത്ബയും തമ്മിലുള്ള മറ്റൊരു വ്യത്യാസം

നമസ്കാരവും ഖുത്ബയും തമ്മിൽ മറ്റൊരു വ്യത്യാസം കൂടിയുണ്ട്. നമസ്കാരത്തിൽ പാരായണം ചെയ്യപ്പെടുന്നതെല്ലാം പദാനുപദം നിർണയിക്കപ്പെട്ടവയത്രെ. അറബിയറിയാത്ത ഒരാൾക്ക് അല്പം സമയം ചെലവു ചെയ്ത് അതിന്റെ തർജമ പഠിച്ച് ഓർമിക്കാൻ സാധിക്കുന്നതാണ്. അല്ലെങ്കിൽ അതിന്റെ ആശയങ്ങൾ മനസ്സിരുത്താൻ സാധിക്കും. അതിനാൽ, നമസ്കാരം അറബിയിൽ നിർവഹിക്കുന്നത് മൂലം പ്രസ്തുത ഭാഷ അറിയാത്ത ആൾക്ക് അതിലെ പ്രാർഥനാവചനങ്ങളുടെ അർഥഫലം തീരെ സിദ്ധിക്കുകയില്ല എന്ന ഭയത്തിന്നവകാശമില്ല. എന്നാൽ ജുമുഅ പ്രഭാഷണത്തിന്റെ കാര്യം അങ്ങനെയല്ല. പൂർവ നിശ്ചിതങ്ങളായ വാക്യങ്ങളിലുള്ളതല്ല അത്. ഓരോ ജുമുഅക്കും ഓരോ പുതിയ ഖുത്ബയാണ് നടക്കുന്നത്. അതിന്റെ അർഥം മുൻകൂട്ടി മനസ്സിലാക്കി വരികയെന്നത് ഒരു നിലക്കും സാധ്യമല്ല. അതിനാൽ ഖുത്ബ അറബിയിലായിരിക്കണമെന്ന് നിർബന്ധം വെക്കുന്നതിന്റെ അനിവാര്യഫലം ജനങ്ങളെ സംബന്ധിച്ചിടത്തോളം അതു നിരർഥകവും നിർജീവവുമായൊരു മതചടങ്ങായിത്തീരുക എന്നത് മാത്രമായിരിക്കും; ജുമുഅ ഖുത്ബ എന്തിന്

വേണ്ടിയാണോ 'ശാരിഅ്' നിശ്ചയിച്ചിട്ടുള്ളത് ആ ഉദ്ദേശ്യങ്ങൾ മുഴുവനും നഷ്ടപ്പെടുകയും ചെയ്യും. തുർക്കി സംസാരിക്കുന്നവരുടെ മുമ്പിൽ സംസ്കൃതത്തിൽ പ്രസംഗിക്കുന്നതും പാർസി ഭാഷക്കാരോട് ജർമൻ ഭാഷയിൽ പ്രഭാഷണം നടത്തുന്നതും, എന്തുമാത്രം പാഴ്‌വേലയാണെന്ന് ഏതൊരു സാമാന്യബുദ്ധിക്കും മനസ്സിലാക്കാവുന്നതാണ്. അപ്പോൾ ജനങ്ങൾക്ക് ദീൻ മനസ്സിലാക്കിക്കൊടുക്കാനും അവർക്ക് നല്ല സ്വഭാവഗുണങ്ങൾ പുലർത്താനുള്ള അധ്യാപനം നല്കാനും വേണ്ടി ശ്രോതാക്കൾക്ക് മനസ്സിലാവാത്ത ഭാഷയിൽ പ്രസംഗിക്കാൻ യുക്തിമാനായ ശാരിഅ് കല്പിക്കുമെന്ന് എങ്ങനെ ഊഹിക്കാൻ കഴിയും.

## പ്രതികൂലികളുടെ തെളിവുകൾ

അനറബി ഭാഷയിൽ ഖുത്ബ നിർവഹിക്കുന്നതിനു ശർഇൽ വല്ല തടസ്സവുമുണ്ടോ? ഇതുസംബന്ധമായി ഖുർആനും സുന്നത്തും പരിശോധിക്കുമ്പോൾ സ്പഷ്ടമായതോ പോവട്ടെ, സൂചനാപരമായ തെളിവുകളെങ്കിലുമുള്ള ഒരു വിധിപോലും നമുക്ക് കാണാൻ സാധിക്കുന്നില്ല. ഖുത്ബ അറബിയിലായിരിക്കൽ നിർബന്ധമാണെന്നു വാദിക്കുന്നവരും അതിന് ഏതെങ്കിലും ഖുർആൻ സൂക്തമോ നബിവചനമോ തെളിവായി സമർഥിച്ചിട്ടില്ല. അവരുടെ ഏക തെളിവ് നബി(സ)യും സഹാബിവര്യന്മാരും അറബിയിലല്ലാതെ ഖുത്ബ നിർവഹിച്ചിട്ടില്ല എന്നതു മാത്രമാണ്. അവർ പറയുന്നു: "നബി(സ) യുടെ സദസ്സുകളിൽ ചിലപ്പോൾ അനറബികളും പങ്കെടുക്കാറുണ്ടായിരുന്നു. എന്നാൽ കാര്യങ്ങൾ ഗ്രഹിപ്പിക്കാൻ തിരുമേനി അനറബി ഭാഷയിൽ പ്രസംഗിച്ചതായി ഒരു റിപ്പോർട്ടിലും വന്നിട്ടില്ല. അനറബി ഭാഷ അറിയുന്ന സഹാബിവര്യന്മാരിൽ ആരെയെങ്കിലും അതിന്നു ചുമതലപ്പെടുത്തിയതായും റിപ്പോർട്ടില്ല. മതപ്രബോധന രംഗത്തും സന്മാർഗോൽബോധന മണ്ഡലങ്ങളിലും നബിയുടെ കാലശേഷം സർവോപരി ആവേശപൂർവം പ്രവർത്തിച്ചവരാണ് സഹാബിവര്യന്മാർ. അവരുടെ കാലത്ത് ഒട്ടേറെ അനറബി രാജ്യങ്ങൾ ജയിച്ചടക്കുകയുണ്ടായി. അവിടങ്ങളിലെ ജനങ്ങൾക്ക് അറബി ഒരു വിദേശ ഭാഷയായിരുന്നു. എന്നാൽ ആ മഹാന്മാർ അറബിയല്ലാത്ത ഒരു ഭാഷയിലും ഖുത്ബ നിർവഹിക്കുകയുണ്ടായില്ല. തദടിസ്ഥാനത്തിലാണ് ഖുത്ബ സാധുവാകണമെങ്കിൽ അത് അറബിയിലായിരിക്കൽ ഉപാധിയാണെന്നു മുൻഗാമികളും പിൻഗാമികളുമായ വലിയൊരു വിഭാഗം അഭിപ്രായപ്പെട്ടത്. അനറബി ഭാഷയിൽ ഖുത്ബ നിരുപാധികം അനുവദനീയമാക്കിയ ഒരേയൊരു പണ്ഡിതൻ ഇമാം അബൂഹനീഫ മാത്രമേയുള്ളൂ. സലഫിൽ ഈ അഭിപ്രായമുള്ളവരായി വേറെ ആരുംതന്നെയില്ല.*

## നിരൂപണം

ഈ തെളിവുകണ്ടെത്തലിൽ അടിസ്ഥാനപരമായ പല പിശകുകളുമുണ്ടെന്നാണ് നമ്മുടെ പക്ഷം. ഒന്നാമതായി, നാം മുമ്പ് ചൂണ്ടിക്കാണിച്ച ശർഈ പ്രവർത്തനവും സ്വാഭാവികമായ സാധാരണ പ്രവർത്തനങ്ങളും (ത്വബിഇയ്യ്, ആദിയ്യ്) തമ്മിലുള്ള വ്യത്യാസം ഈ മാന്യന്മാർ പരിഗണനയിലെടുത്തിട്ടില്ല.

നബി(സ)യുടെ ഭാഷ അറബിയായിരുന്നുവെന്നത് സ്പഷ്ടമാണ്. തിരുമേനിയുടെ അഭിസംബോധിതരും അറബികളായിരുന്നു. അഥവാ അനറബികളുണ്ടായിരുന്നെങ്കിൽതന്നെ അറബികൾക്കിടയിൽ നിത്യജീവിതം കഴിക്കമൂലം അറബിഭാഷ മനസ്സിലാക്കാൻ കഴിയുന്നവരായിരുന്നു അവരും-സൽമാനുൽ ഫാരിസി(റ) ഒരു ഉദാഹരണം. നബി അവരുടെ മുമ്പാകെ അറബിയല്ലാത്ത ഏത് ഭാഷയിലാണ് ഖുത്ബ നിർവഹിക്കുക? സ്വയം അറബിയായ നബി അറബികളുടെ മുമ്പിൽ അറബിയിൽ ഖുത്ബ നിർവഹിക്കുകയെന്നത് തികച്ചും സ്വാഭാവികമായ ഒരു പ്രവർത്തനമത്രെ. അതിനെ ശർഇയായ ഒരു തെളിവായി സ്വീകരിക്കുന്നത് എങ്ങനെ ശരിയാവും? ഖുത്ബ അറബിയിൽ മാത്രമേ നിർവഹിക്കാവൂ, തദാവശ്യാർഥം മറ്റൊരു ഭാഷയും ഉപയോഗിക്കരുത് എന്നിങ്ങനെ നബി തിരുമേനി പറഞ്ഞിരുന്നെങ്കിൽ അത് ശർഇയായ തെളിവാകുമായിരുന്നുവെന്നതിൽ സംശയമില്ല. എന്നാൽ നബി(സ) അങ്ങനെ നിർദേശിക്കാത്ത പശ്ചാത്തലത്തിൽ, തിരുമേനി എല്ലായ്പ്പോഴും ഖുത്ബ നിർവഹിച്ചിരുന്നത് അറബി ഭാഷയിലായിരുന്നുവെന്ന അടിസ്ഥാനത്തിൽ അതൊരു 'സുന്നത്ത്' ആയി സ്വീകരിക്കാൻ വയ്യ. ഇത്തരം സ്വാഭാവികവും സാമ്പ്രദായികവുമായ പ്രവർത്തനങ്ങളെല്ലാം ശർഇന്റെ സാങ്കേതികാർഥത്തിലുള്ള 'സുന്നത്താ'യി അംഗീകരിക്കാൻ തുടങ്ങിയാൽ അറബിയിൽ സംസാരിക്കുന്നതും സുന്നത്താണെന്ന് പറയേണ്ടിവരും. എന്തുകൊണ്ടെന്നാൽ തിരുമേനി തന്റെ ജീവിതകാലം മുഴുവൻ അറബിയിൽ മാത്രമേ സംസാരിച്ചിട്ടുള്ളൂ. ഇനി നബിതിരുമേനി അറബിയിൽ നമസ്കാരം നിർവഹിച്ചിരുന്നതും ഒരു സ്വാഭാവിക പ്രവർത്തനമായിരുന്നു; അതിനെ നിങ്ങൾ എങ്ങനെയാണ് ഒരു ശർഈ പ്രവർത്തനമായി സ്വീകരിക്കുന്നത് എന്ന് ചോദിക്കുകയാണെങ്കിൽ നമ്മുടെ മറുപടി ഇതത്രെ: നമസ്കാരം അറബിയിലാവണമെന്നത് നിർബന്ധമാണെന്ന് പറയുന്നത് നബിതിരുമേനി എപ്പോഴും അറബിയിൽ മാത്രമാണത് നിർവഹിച്ചത് എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല. അതോടൊപ്പം തന്നെ തദ്സംബന്ധമായ ശർഇയ്യായ വിധി കൂടിയുണ്ട്. മാത്രമല്ല, നാം മുമ്പ് വിവരിച്ച ഒട്ടനേകം ശർഇയ്യായ താൽപര്യങ്ങളും അതോടു ബന്ധപ്പെട്ടു നിൽക്കുന്നുണ്ട്. അറബിയറിയാത്ത ആളുകളോട് അറബിയിൽ പ്രസംഗിക്കണമെന്ന നിലപാടിലാവട്ടെ ശർഇയ്യായ ഒരു താത്പര്യവുമില്ല. പ്രത്യുത, ശർഇന്റെ താത്പര്യങ്ങൾ തൻമൂലം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. അതിനാൽ അറബിയായ റസൂൽ(സ) അറബിയറിയുന്ന ആളുകളോട് അറബിയിൽ ഖുത്ബ നിർവഹിച്ചു എന്ന തെളിവിന്റെ മാത്രം അടിസ്ഥാനത്തിൽ അത് നിർബന്ധമാണെന്ന് അംഗീകരിക്കുക സാധ്യമല്ല.

കാലഘട്ടത്തിന്റെ അവസ്ഥാന്തരങ്ങൾ പരിഗണിച്ചില്ല എന്നതാണ് ഈ ലക്ഷ്യനിർധാരണത്തിന്റെ മൂന്നാമത്തെ അബദ്ധം. നബിയുടെ കാലത്ത് അദ്ദേഹത്തിന്റെ സദസ്സുകളിൽ പങ്കെടുത്തിരുന്ന അനറബി വംശജരായ ആളുകൾ മിക്കവാറും അറബിഭാഷ പരിചയമുള്ളവരായിരുന്നു. ഇനി അറബിയറിയാത്ത വല്ലവരും ഒറ്റപ്പെട്ടുണ്ടായിരുന്നെങ്കിൽ അറബി സംസാരിക്കുന്ന ഭൂരിപക്ഷത്തെ അവഗണിച്ച് ഒന്നോ രണ്ടോ വ്യക്തികൾക്കു വേണ്ടി ഭാഷ മാറ്റാൻ സാധ്യമല്ലെന്ന് വ്യക്തം.*

നബിയുടെ കാലശേഷം സഹാബിവര്യന്മാർ വിജയധ്വജമേന്തി അനറബി നാടുകളിൽ എത്തിയപ്പോൾ അവരുടെ അവസ്ഥ ഭരണാധികാരികളുടേതായിരുന്നു. അവരുടെ അടുക്കൽ രാഷ്ട്രീയശക്തി ഉണ്ടായിരുന്നു. അവർ ജയിച്ചടക്കപ്പെട്ടവരായിരുന്നില്ല; ജേതാക്കളായിരുന്നു. മറ്റുള്ളവരെ മനസ്സിലാക്കേണ്ട ആവശ്യം അവർക്കു നേരിട്ടിരുന്നില്ല; പ്രത്യുത, അവരെ മനസ്സിലാക്കേണ്ട ആവശ്യം മറ്റുള്ളവർക്കാണുണ്ടായിരുന്നത്. ഇതര

നാടുകളിൽ തങ്ങളുടെ ഭാഷ പ്രചരിപ്പിക്കാൻ മാത്രമുള്ള ശക്തി അവരിലുണ്ടായിരുന്നു.

യഥാർഥത്തിൽ തന്നെ അവരത് സാധിക്കുകയും ചെയ്തു. ബുഖാറ മുതൽ സ്പെയിൻ വരെ അവർ തങ്ങളുടെ ഭാഷ പ്രചരിപ്പിക്കുകയുണ്ടായി. എത്രത്തോളമെന്നാൽ അവർ ജയിച്ചടക്കിയ ഭൂരിഭാഗം നാടുകളിലെയും ദേശീയ ഭാഷകൾ അറബിയുടെ പ്രചാരണത്തോടെ മൺമറഞ്ഞു പോവുക പോലുമുണ്ടായി. ഈ പരിതഃസ്ഥിതിയിൽ തങ്ങളുടെ ഭാഷ ഉപേക്ഷിച്ച് ജയിച്ചടക്കപ്പെടുന്നവരുടെ ഭാഷയിൽ എന്തിനവർ ഖുത്ബ നിർവഹിക്കണം! എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. ഇതര ഭാഷകളുടെ മേലുണ്ടായിരുന്ന പഴയ സ്വാധീന ശക്തി ഇന്നതിനില്ല. ഈ ദുർബലാവസ്ഥയിൽ സഹാബിവര്യന്മാരുടെ കാലത്തും അവരുടെ സമീപകാലങ്ങളിലും ശക്തിയും അധികാരവുമുണ്ടായിരുന്ന ഒരു ഘട്ടത്തിൽ സ്വീകരിച്ച അതേ കർമരീതി ഇപ്പോഴും തുടരണമെന്ന് ശാഠ്യം പിടിക്കുന്നതിൽ എന്തർഥമാണുള്ളത്?

ചില പ്രത്യേക സാഹചര്യങ്ങളിൽ സലഫുസ്സാലിഹീങ്ങൾ രൂപീകരിച്ച ഒരഭിപ്രായത്തിന് ശർഈ അർഥത്തിലുള്ള ഇജ്മാഇന്റെ സ്ഥാനം നല്കി എന്നതാണ് പ്രതികൂലികളുടെ ഉപര്യുക്ത വാദമുഖത്തിലെ മൂന്നാമത്തെ അബദ്ധം. നാം നേരത്തെ പറഞ്ഞപോലെ ഇസ്‌ലാമിന്റെ ആദ്യ ശതകത്തിലെ എല്ലാ മഹാന്മാരും ജേതാക്കളായ വിഭാഗമായിരുന്നു. ഇസ്‌ലാം, ദേശീയവും ഭാഷീയവും വംശീയവുമായ എല്ലാവിധ പക്ഷപാതങ്ങളിൽനിന്നും അവരെ തീർച്ചയായും ശുദ്ധീകരിച്ചിട്ടുണ്ടെങ്കിലും വിജിഗീഷുക്കളായ എല്ലാ വിഭാഗങ്ങളിലും സ്വാഭാവികമായുണ്ടാവുന്ന അവസ്ഥാവിശേഷങ്ങൾക്ക് അവർ മാത്രം അപവാദമാവുക സംഭവ്യമല്ല. ജയിച്ചടക്കപ്പെട്ട ജനതയുടെ ഭാഷയുമായി ലയിക്കാതെ അവരിൽ സ്വന്തം ഭാഷ പ്രചരിപ്പിക്കാൻ യത്നിക്കുക എന്നതു തികച്ചും സ്വാഭാവികമായൊരു സംഗതിയത്രെ. ശക്തിയുടെയും അധികാരത്തിന്റെയും പ്രകൃതിപരമായൊരു താൽപര്യമാണത്. അതിലുപരി അവരുടെ ഭാഷക്ക് മറ്റൊരു സവിശേഷത കൂടിയുണ്ടായിരുന്നു. ഖുർആനിന്റെയും സുന്നത്തിന്റെയും ഭാഷ കൂടിയായിരുന്നു അത്. ഇസ്‌ലാമിന്റെ മുഴുവൻ ആസ്തിവകകളും ആ ഭാഷയിലാണ്. ഇസ്‌ലാമിന്റെ മൗലിക ചൈതന്യത്തിന്റെ സംരക്ഷണം നിലകൊണ്ടിരുന്നത് ആ ഭാഷയുടെ സംരക്ഷണത്തിലായിരുന്നു. ഈ വസ്തുത അവരുടെ അന്തരംഗത്ത് ഭാഷയുടെ കാര്യത്തിലുള്ള അറബി പക്ഷപാതത്തിന് കുറേക്കൂടി ഊന്നൽ കൊടുത്തു.

മഹാന്മാരായ സലഫുകൾ ഒരു പരിതഃസ്ഥിതിയിലും അനറബി സംസാരിക്കാൻ ഇഷ്ടപ്പെടാതിരിക്കാൻ കാരണവും മറ്റൊന്നല്ല. എത്രത്തോളമെന്നാൽ അനറബി പദങ്ങളുപയോഗിക്കുന്നതുപോലും അവർക്ക് സഹ്യകരമല്ലായിരുന്നു. "നിങ്ങൾ അനറബികളുടെ സംസാരശൈലി പഠിക്കരുത്" എന്ന് ഉമർ(റ) പറയാറുണ്ടായിരുന്നു. ഒരിക്കൽ അലി(റ)യുടെ അടുക്കൽ നവറോസി(പേർഷ്യക്കാരുടെ പുതുവൽസരാഘോഷം)ന്റെ ഉപഹാരം കൊണ്ടുവന്നു. ഇതെന്താണെന്ന് അദ്ദേഹം അന്വേഷിച്ചു. ഇന്ന് നവറോസാണ് എന്നായിരുന്നു മറുപടി. ആ പദം കേൾക്കേണ്ട താമസം അദ്ദേഹത്തിനു വല്ലാതെ കോപം വരികയുണ്ടായി. മുഹമ്മദുബ്നു സഈദുബ്നു അബീവഖാസ് (റ) ഒരു കൂട്ടമാളുകൾ ഫാർസി സംസാരിക്കുന്നത് കേട്ടപ്പോൾ ഇങ്ങനെ പറഞ്ഞു: "ഈ മജൂസിയ്യത്ത് എവിടെനിന്നാണ് ജനങ്ങളിൽ നുഴഞ്ഞുകയറിയത്?" അനറബി ഭാഷയിൽ പ്രാർഥിക്കാമോ എന്ന് ഇമാം അഹ്മദുബ്നു ഹമ്പലി(റ)നോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "അനറബിഭാഷയിൽ പ്രാർഥിക്കുകയോ സത്യം ചെയ്യുകയോ അരുത്." ഇമാം ശാഫി(റ) അറബിയല്ലാത്ത ഭാഷയിൽ സംസാരിക്കുന്നത് 'മക്റൂഹ്' (നന്നല്ലാത്തത്) ആയാണ് പരിഗണിച്ചിരുന്നത്. അക്കാലത്തെ മിക്ക ഫുഖഹാക്കളുടെയും അവസ്ഥ ഇതുതന്നെയായിരുന്നു. അനറബി ഭാഷയുടെ ഉപയോഗം പൊതുവിലും അതിൽ ദുആ-ദിക്റുകൾ നടത്തുന്നത് പ്രത്യേകിച്ചും ചീത്തയായിട്ടായിരുന്നു അവർ മനസ്സിലാക്കിയിരുന്നത്. ഈ മഹാന്മാരുടെ പ്രസ്തുത കർമനയത്തെ സംബന്ധിച്ച് ചിന്തിക്കുകയാണെങ്കിൽ അതെന്തെങ്കിലും ശർഇയായ അടിസ്ഥാനത്തിലായിരുന്നില്ല എന്നു നിങ്ങൾക്ക് മനസ്സിലാക്കാവുന്നതാണ്. പ്രത്യുത, വലിയൊരളവോളം പ്രകൃതിപരമായ ചില കാരണങ്ങളായിരുന്നു അതിന്റെ പിന്നിലുണ്ടായിരുന്നത്. അവരെ അതിന് നിർബന്ധിച്ചത് പരിതഃസ്ഥിതികളുടെ സമ്മർദങ്ങളായിരുന്നു. അല്ലെങ്കിൽ ഇസ്‌ലാമിനു ദേശീയവും ഭാഷാപരവുമായ പക്ഷപാതിത്വവുമായി യാതൊരു ബന്ധവുമില്ലെന്നത് വ്യക്തമാണല്ലോ. അതേതെങ്കിലും പ്രത്യേക സമുദായത്തിന്റെ മതമല്ല; ഏതെങ്കിലും ഒരു പ്രത്യേക ഭാഷയുടെ സംരക്ഷണാർഥം ആ ഭാഷ സംസാരിക്കുന്നവരുടെ മാത്രം ദീനായി നിലനില്ക്കാൻ അവതീർണമായതുമല്ല.

പൂർവികരായ മഹാന്മാരുടെ അനറബി ഭാഷകളുടെ നേരെയുള്ള ഈ വിരക്തിക്കും വർജനമനോഭാവത്തിന്നും മറ്റൊരു കാരണം കൂടിയുണ്ട്. ഇസ്‌ലാമിന്റെ പ്രഥമ ശതകത്തിലെ ചരിത്രം പരിശോധിച്ചാൽ അക്കാലത്ത് അറബികളൊഴിച്ചുള്ള മറ്റു ജനവിഭാഗങ്ങൾ ഭൂരിഭാഗവും അമുസ്‌ലിംകളായിരുന്നുവെന്ന വസ്തുത നിങ്ങൾക്ക് കാണാവുന്നതാണ്. ഇസ്‌ലാം മിക്കവാറും അറബികളിൽ പരിമിതമായിരുന്നു. ഈ സ്ഥിതിവിശേഷം അറബീയത ഇസ്‌ലാമിന്റെയും അറബേതരത്വം കുഫ്റിന്റെയും പര്യായമാക്കിത്തീർത്തിരുന്നു. അറബേതര സമൂഹങ്ങളിൽനിന്ന് ഇസ്‌ലാം ആശ്ലേഷിക്കുന്നവരെ സംബന്ധിച്ചിടത്തോളം കുഫ്റിന്റെ സമൂഹവുമായുള്ള അവരുടെ ബന്ധം വിഛേദിക്കാനും ഇസ്‌ലാമിക സമൂഹത്തിൽ അവരെ ലയിപ്പിച്ചെടുക്കാനും അവർക്ക് അറബീയതയുടെ വർണം പൂശേണ്ടത് ഒരാവശ്യമായിരുന്നു. അവരുടെ സംസർഗവും വസ്ത്രരീതിയും നടപ്പും സംസാരവുമെല്ലാം മാറ്റാതെ വയ്യായിരുന്നു. എന്തുകൊണ്ടെന്നാൽ ആന്തരമായ പരിവർത്തനത്തിന്റെ പരിപൂർത്തി ബാഹ്യമായ പരിവർത്തനം കൂടാതെ സാധ്യമായിരുന്നില്ല. അവരെ മുസ്‌ലിംകളാക്കിയശേഷം ഉപേക്ഷിക്കുകയും നാഗരികവും ഭാഷാപരവുമായ മറ്റനവധി വശങ്ങളിൽ അനിസ്‌ലാമിക സമൂഹത്തിന്റെ ഘടകമായി നില്ക്കാൻ വിടുകയും ചെയ്താൽ കുഫ്റിന്റെ സമുദ്രത്തിലെ ഈ കൊച്ചു കൊച്ചു ഇസ്‌ലാമിക ദ്വീപുകൾ ജന്മംകൊണ്ട് അധികം കഴിയുന്നതിന്നു മുമ്പ് തന്നെ നശിക്കാൻ വിടുന്നതിന് സമമായിരിക്കും.

ദീർഘകാലം ഈ അവസ്ഥ നിലനിന്നു. പിന്നീട് ഇതര രാജ്യങ്ങളിലെ വൻ സമൂഹങ്ങളെല്ലാം മുസ്‌ലിംകളായി മാറിയപ്പോൾ ഇസ്‌ലാമും അറബീയതയും പര്യായമായി മനസ്സിലാക്കപ്പെട്ട ആദ്യ നൂറ്റാണ്ടിലെ ഈ അവസ്ഥ മാറി. ഇന്ന് തുർക്കി, ഉർദു, ഫാർസി തുടങ്ങിയ ഭാഷകളെല്ലാം മുസ്‌ലിംകളുടെ ഭാഷയായിത്തന്നെയാണ് മനസ്സിലാക്കപ്പെടുന്നത്. അപ്പോൾ അറബി വേഷത്തിന്നും അറേബ്യൻ സാമൂഹ്യ സമ്പ്രദായങ്ങൾക്കും

ഇസ്‌ലാമിന്റെ അനിവാര്യ ചിഹ്നങ്ങളുടെ സ്ഥാനമില്ല. അറേബ്യൻ വസ്ത്രസമ്പ്രദായം പോലെത്തന്നെ ഇസ്‌ലാമിന്റെ ചിഹ്നമാണ് ഇന്ത്യയിലെ മുസ്‌ലിംകളുടെ വസ്ത്രധാരണാ സമ്പ്രദായവും. ഇതേ മാനദണ്ഡപ്രകാരം ഇതര ഇസ്‌ലാമിക രാഷ്ട്രങ്ങളിലെ മുസ്‌ലിംകൾ അവിടങ്ങളിലെ അന്യജനങ്ങളിൽനിന്ന് വ്യതിരിക്തമായി സ്വീകരിച്ച എല്ലാ വസ്ത്രസമ്പ്രദായങ്ങളും സാമൂഹ്യരീതികളും, തീർച്ചയായും ഇസ്‌ലാമിക ചിഹ്നം (ശിആർ)തന്നെ. ചുരുക്കത്തിൽ, പരിതഃസ്ഥിതികൾ മാറിയ പശ്ചാത്തലത്തിൽ, ആദ്യ നൂറ്റാണ്ടിലെ ഫുഖഹാക്കൾ തികച്ചും വ്യത്യസ്തമായൊരു പരിതഃസ്ഥിതിയിൽ അറബീയതക്ക് നല്കിയ ഊന്നൽ ഇപ്പോഴും തുടരുന്നതിൽ പ്രസക്തിയില്ല. മുൻഗാമികളെ അവരുടെ പരിതഃസ്ഥിതികളുടെയും കാലഘട്ടത്തിന്റെയും സവിശേഷതകൾ പരിഗണിക്കാതെ അന്ധമായി അനുകരിക്കുകയും അവരുടെ അഭിപ്രായങ്ങൾ അവലംബിക്കയും ചെയ്യുക എന്നതു പിൻഗാമികൾ അനുവർത്തിക്കുന്ന അടിസ്ഥാനപരമായൊരു അബദ്ധമാണെന്നാണ് നമ്മുടെ അഭിപ്രായം.

### മറ്റൊരു തെളിവ്

ഖുത്വ്ബ അറബിയിലായിരിക്കൽ നിർബന്ധമാണെന്ന വാദഗതിക്കാർ ഉന്നയിക്കുന്ന മറ്റൊരു തെളിവ് അല്ലാഹുവിന്റെ വചനങ്ങളും ഇസ്‌ലാമിന്റെ മുഴുവൻ നിയമവിധികളും അറബിയിലാണെന്നതാണ്. അതിനാൽ എല്ലാ മുസ്‌ലിംകളും അറബി അറിഞ്ഞിരിക്കേണ്ടത് അനിവാര്യമത്രെ. ജനങ്ങൾ അറബി പഠനത്തിൽ അശ്രദ്ധ കാണിക്കുകയും അവർക്ക് അറബി മനസ്സിലാവാതിരിക്കുകയുമാണെങ്കിൽ അതവരുടെ തന്നെ കുറ്റമാണ്. അതിന്നു വേണ്ടി ഖുത്വ്ബയുടെ ഭാഷ മാറ്റേണ്ട ആവശ്യമെന്തുണ്ട്?

മുസ്‌ലിംകൾ അറബിഭാഷ പഠിച്ചിരിക്കേണ്ടത് വളരെ ആവശ്യമാണെന്ന വസ്തുത നാം സമ്മതിക്കുന്നു. അതിന്റെ അഭാവത്തിൽ തങ്ങളുടെ ദീനിനെക്കുറിച്ച് പരിജ്ഞാനം നേടാൻ അവർക്ക് സാധ്യമാവുകയില്ല. മുസ്‌ലിംകൾക്കിടയിൽ മതപരമായ വ്യതിയാനങ്ങൾ വ്യാപിക്കാനുണ്ടായ ഏറ്റവും വലിയ കാരണങ്ങളിലൊന്ന് മതവിജ്ഞാനത്തിന്റെ മൂലസ്രോതസ്സുകളെ സംബന്ധിച്ച അവരുടെ അജ്ഞതയാണെന്ന സത്യം കൂടി നാമിവിടെ അംഗീകരിക്കുന്നു. പലവുരു ഈ ആവശ്യത്തിലേക്കു നാം ശ്രദ്ധ ക്ഷണിച്ചിട്ടുള്ളതും അതിനാൽ തന്നെയാണ്. മുസ്‌ലിംകളുടെ വിദ്യാഭ്യാസ പദ്ധതിയിൽ അറബി ഭാഷ ഒരു നിർബന്ധ പഠനമെന്ന നിലയിൽ ഉൾപ്പെടുത്തണമെന്നതാണ് നമ്മുടെ ഖണ്ഡിതമായ അഭിപ്രായം. പക്ഷേ, “ആയിട്ടുള്ള സ്ഥിതി”യും “ആയിരിക്കേണ്ട സ്ഥിതി”യും തമ്മിൽ വ്യത്യാസമുണ്ട്. എങ്ങനെയാണോ ആയിരിക്കേണ്ടത് അതിനുവേണ്ടി തീർച്ചയായും പരിശ്രമിച്ചുകൊണ്ടിരിക്കുക. അതേ അവസരത്തിൽ വസ്തുസ്ഥിതിയുടെ നേരെ കണ്ണടക്കാതിരിക്കുകയും ചെയ്യുക. വസ്തുസ്ഥിതിയെ അവഗണിച്ചുകൊണ്ട് “ആയിരിക്കേണ്ട അവസ്ഥ”യുടെ പിന്നാലെ ഓടിക്കൊണ്ടിരിക്കാൻ ശരീഅത്ത് നിങ്ങളെ പഠിപ്പിക്കുന്നില്ല. അറബിഭാഷ പോയിട്ട് ദീനിന്റെ പ്രാഥമികാധ്യാപനങ്ങൾ പോലും പഠിക്കുന്നില്ല എന്നതാണ് ഇന്ന് മുസ്‌ലിംകളുടെ അവസ്ഥ. ഈ പശ്ചാത്തലത്തിൽ നിങ്ങളുടെ പിടിവാശിയുടെ അർഥം എന്താണെന്നുകൂടി നിങ്ങൾ മനസ്സിലാക്കണം. മുസ്‌ലിംകൾക്ക് അറബി മനസ്സിലാവുന്നില്ലെങ്കിൽ അത് ഞങ്ങൾക്ക് പ്രശ്നമില്ല; ഞങ്ങൾ അറബിയിൽ തന്നെ ഖുത്വ്ബ കേൾപ്പിക്കും എന്നാണ് നിങ്ങൾ പറയുന്നത്. ഖുത്വ്ബ മനസ്സിലാക്കേണ്ട ഒരാവശ്യത്തെ മാത്രം മാനിച്ചുകൊണ്ട് മുസ്‌ലിംകൾ അറബി പഠിക്കാൻ നിർബന്ധിതരായിത്തീരുമെന്നാണോ നിങ്ങൾ കരുതുന്നത്?

### മൂന്നാമത്തെ തെളിവ്

അറബേതര ഭാഷകളിൽ ഖുത്വ്ബ നിർവഹിക്കപ്പെടുന്ന പക്ഷം ഇസ്‌ലാമിൽ ഭാഷാവിഭാഗീയത വളർന്നേക്കുമെന്ന ആപച്ഛങ്കയാണ് ഇവ്വിഷയകമായി ഉന്നയിക്കപ്പെടുന്ന മൂന്നാമത്തെ തെളിവ്. ആപേക്ഷികമായി ഏറെക്കുറെ പ്രാബല്യമുള്ള ഒരു വാദമുഖമാണിത്. ഭാഷാ വർഗദേശഭേദമന്യേ മുഴുവൻ മുസ്‌ലിംകളും ഒരിടത്തു സമ്മേളിച്ച് നടത്തേണ്ട ഒരു കർമമാണ് ജുമുഅ. എന്നാൽ അറബേതര ഭാഷയിൽ ഖുത്വ്ബ നിർവഹിക്കപ്പെടുമ്പോൾ മുസ്‌ലിംകൾ ഛിന്നഭിന്നമാവുകയും വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന വിഭാഗങ്ങൾ വെവ്വേറെ ജുമുഅ നടത്താൻ ഇടയാവുകയും ചെയ്യും.

തീർച്ചയായും ഗൗരവമുള്ള ഒരാപത്താണിത്. എന്നാൽ അതിന്റെ പരിഹാരം അത്ര പ്രയാസമുള്ളതൊന്നുമല്ല. ചെയ്യേണ്ടത് ഇതാണ്: ഖുത്വ്ബയുടെ ഒരു ഭാഗം അറബിയിലായിരിക്കുക. ഹംദും സനാഉം സ്വലാത്തും ഖുർആൻ പാരായണവും അതിലേക്ക് നീക്കുക. തുടർന്ന് ഉപദേശങ്ങളും മതവിധികളും അവസരോചിതമായ ഇസ്‌ലാമികാധ്യാപനങ്ങളും സദസ്സിന് അഥവാ ഭൂരിപക്ഷത്തിന്ന് മനസ്സിലാകുന്ന ഭാഷയിലും നടത്തുക. അപ്പോഴും മുസ്‌ലിംകൾക്കിടയിൽ പൊതുവേ പ്രചാരമുള്ള ഭാഷക്ക് മുൻഗണന നല്കണം. ഉദാഹരണമായി, ഇന്ത്യയിൽ പ്രാദേശിക ഭാഷകൾക്കുപരി ഉർദുവിന്നായിരിക്കണം പ്രാമുഖ്യം കൽപിക്കേണ്ടത്. എന്തുകൊണ്ടെന്നാൽ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലെയും മുസ്‌ലിംകൾ ഉർദു അറിയുന്നവരാണ്. ഉർദു അറിയുന്നവർ വിരളമായ വിദൂര ദിക്കുകളിൽ പ്രാദേശിക ഭാഷയിൽ തന്നെ ഖുത്വ്ബ നടത്താവുന്നതാണ്. എന്നാൽ എവിടെയെങ്കിലും മുസ്‌ലിംകളുടെ ഒരു അന്താരാഷ്ട്ര സമ്മേളനം നടക്കുകയാണെങ്കിൽ അവിടെ അറബിയല്ലാത്ത മറ്റൊരു ഭാഷയിലും ജുമുഅ ഖുത്വ്ബ നിർവഹിക്കുന്നത് അഭികാമ്യമല്ല.

### പ്രായോഗിക വിഷമങ്ങൾ

ഇതേവരെ നാം പറഞ്ഞതെല്ലാം ശർഈ മസ്അലയുമായി ബന്ധപ്പെട്ടതായിരുന്നു. അതായത് നിയമപരമായ വീക്ഷണത്തിൽ അനറബി ഭാഷയിലുള്ള ഖുത്വ്ബക്ക് നമ്മുടെ പക്ഷത്തിൽ ശർഇന്റെ ഒരു വിധിയും തടസ്സമല്ല. അത് അനുവദനീയമോ ഹറാമോ സുന്നത്തിന് വിരുദ്ധമോ ആണെന്ന വാദം നമ്മുടെ അഭിപ്രായത്തിൽ തെറ്റാണ്. എന്നാൽ ഈ പ്രശ്നത്തിനു മറ്റൊരു വശം കൂടിയുണ്ട്. അത് മതവിധികളു(അഹ്കാം)മായല്ല പ്രായോഗിക വൈഷമ്യങ്ങളും മറ്റു ചില ദൂഷ്യങ്ങളുമായാണ് ബന്ധപ്പെട്ടുനിൽക്കുന്നത്.

സാമാന്യ ജനങ്ങൾക്ക് സുഗ്രാഹ്യമായ ഭാഷയിൽ ഖുത്വ്ബ നിർവഹിക്കേണ്ടത് ആവശ്യമാണെന്ന് പറയുന്നത് ജനങ്ങൾ അത് മനസ്സിലാക്കുകയും അതിൽനിന്നവർ പ്രയോജനം നേടുകയും ചെയ്യുമെന്ന അടിസ്ഥാനത്തിലാണ്. അതായത് അടിസ്ഥാനപരമായ ഉദ്ദേശ്യം ഖുത്വ്ബ മനസ്സിലാവുക എന്നതല്ല, അതിൽനിന്ന് പ്രയോജനം ലഭിക്കുക എന്നതത്രെ. എന്നാൽ പ്രയോജനം സിദ്ധിക്കുന്നതിന് പകരം നേരെ തിരിച്ചു നഷ്ട

മാണ് സംഭവിക്കുന്നതെങ്കിൽ അങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയിൽ ഏതൊരു സാമാന്യബുദ്ധിയും പറയുക അത്തരം 'മനസ്സിലാകലിനെ'ക്കാൾ നല്ലത് മനസ്സിലാകാതിരിക്കലാണെന്നാണ്. ഇനി നമ്മുടെ സമുദായത്തിന്റെ സ്ഥിതി അല്പമൊന്ന് പരിശോധിച്ചുനോക്കുക.

നിങ്ങളുടെ അടുക്കൽ ഇമാമത്തിന്റെ നിലവാരം അങ്ങേയറ്റം തരം താഴ്ന്നിരിക്കുന്നു. മുസ്‌ലിംകളുടെ സാമൂഹ്യ ജീവിതത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും സുപ്രധാനമായിരുന്ന ആ പദവിക്ക് ഇന്ന് ഒരു പ്രാധാന്യവുമില്ല. ഏതൊരു സ്ഥാനത്തേക്ക് ഉത്തമരിൽ ഉത്തമരെ തെരഞ്ഞെടുക്കണമെന്ന് ദീൻ കല്പിച്ചിരിക്കുന്നുവോ ആ സ്ഥാനത്തേക്ക് ഇന്ന് തെരഞ്ഞെടുക്കപ്പെടുന്നത് മോശക്കാരിൽ മോശക്കാരായിരിക്കുന്നു. ലോകത്ത് മറ്റൊരു പണിക്കും കൊള്ളരുതാത്തവൻ പള്ളിയിലെ ഇമാം- ഇമാമിനെ സംബന്ധിച്ച് മുസ്‌ലിംകളുടെ മനസ്സിലെ സങ്കല്പം തന്നെ ഇതായിരിക്കുന്നു. അഞ്ചോ പത്തോ രൂപ ശമ്പളവും രണ്ട് നേരത്തെ ആഹാരവും നിശ്ചയിച്ച് അർധ നിരക്ഷരനായ ഏതെങ്കിലും ഒരു മുല്ലയെ നിയമിക്കുക -അതോടെ ഇമാമിന്റെ വ്യവസ്ഥ സമ്പൂർണമായി! ഇമാമത്തിന്റെ പദവി ഇത്രയും തരം താഴ്ത്തിയതിന്റെ ഫലം, നമ്മുടെ പള്ളികൾ ഇന്ന് അറിവില്ലാത്തവരും സങ്കുചിത ചിന്താഗതിക്കാരും ഭീരുക്കളും അധമസ്വഭാവക്കാരുമായ ആളുകളുടെ കൈയിലായിത്തീർന്നു എന്നതാണ്. മാതൃഭാഷയിൽ ജുമുഅ ഖുത്ബ നിർവഹിച്ചുകൊണ്ട് നിങ്ങളെ ഐഹികവും മതപരവുമായി മാർഗദർശനം ചെയ്യാൻ അവർക്ക് സാധിക്കുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടോ?

ഇനി ഈ വിഭാഗത്തെ വിട്ട് ജുമുഅയുടെ ഇമാമത്തിന് മറ്റേതെങ്കിലും വിഭാഗത്തെയാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ മതപണ്ഡിതൻമാരെയാണ് അവലംബിക്കുവാനുള്ളത്. അവരിൽ വളരെ പരിമിതമായ ഒരു വിഭാഗത്തെ ഒഴിച്ചുനിർത്തിയാൽ ഭൂരിപക്ഷത്തിന്റെയും സ്ഥിതി വിവരിക്കുകയാണെങ്കിൽ സ്വയം അപമാനിതമാവുക എന്നാണർഥം. ജനങ്ങൾക്ക് മനസ്സിലാവുന്ന ഭാഷയിൽ സ്വന്തം മനോധർമം പോലെ പ്രസംഗിക്കാനവർക്ക് അവസരം നൽകുന്ന പക്ഷം അടുത്ത ദിവസങ്ങൾക്കുള്ളിലായി പള്ളികളിൽ കൈയാംകളി നിങ്ങൾ ഉറപ്പിച്ചുകൊള്ളുക. എന്തുകൊണ്ടെന്നാൽ അവരിൽ ഓരോ വിഭാഗത്തിനും തങ്ങളുടേതായ അഭിരുചികളും ചിന്താഗതികളുമുണ്ട്. ഇതര ചിന്താഗതിക്കാർക്ക് ഏതെങ്കിലും പരിഗണന നൽകുന്നതുപോലും ഒരു കുറ്റമാണെന്ന് കരുതുമാറ് സ്വന്തം ചിന്താസരണിയിൽ അത്രക്ക് പിടിവാശിയുള്ളവരാണവർ. കൂടാതെ ദൈവം അവരുടെ നാവിന്ന് ഒരു പ്രത്യേക ശക്തിയും നൽകിയിട്ടുണ്ട്. മറ്റുള്ളവരുടെ മനസ്സിനെ കുത്തി മുറിവേൽപിക്കാതെ ഒരു സംഗതിയും അവർക്ക് സംസാരിക്കാൻ സാധ്യമല്ല. ദീനിന്റെ മൗലിക കാര്യങ്ങൾക്കോ സമുദായത്തിന്റെ ഉത്തമ താൽപര്യങ്ങൾക്കോ യാതൊരു സ്ഥാനവുമില്ലാത്ത ഒരു ചുറ്റുപാടിലാണവർ വളർന്നുവന്നതും ജീവിതം നയിച്ചുപോരുന്നതും. അവരുടെ എല്ലാ കൗതുകവും അഭിരുചികളും വളരെ നിസ്സാരമായ ചില തർക്ക പ്രശ്നങ്ങളിലാണ് കേന്ദ്രീകരിച്ചുനിൽക്കുന്നത്. വാ തുറന്നാൽ ആ പ്രശ്നങ്ങളേ അവർ പരാമർശിക്കൂ. അല്ലാഹുവിന്റെ വീട്ടിൽ വഴക്കും വക്കാണവും നടമാടലായിരിക്കും ഇതിന്റെ ഫലം. അവസാനം ഓരോ ചിന്താഗതിക്കാരും തങ്ങളുടേതായ ജുമുഅ വെവ്വേറെ സ്ഥാപിക്കാൻ തുടങ്ങി. ഇത് മതക്കാരുടെ മനസ്ഥിതി. ഇനി ഇത്തരം പ്രശ്നങ്ങളിൽ താല്പര്യമൊന്നുമില്ലാത്ത അഭ്യസ്തവിദ്യരായ വിഭാഗത്തിന്റെ സ്ഥിതി പരിഗണിക്കുമ്പോൾ അവിടെ മറ്റൊരു വിപത്തിനുള്ള പഴുതു കൂടിയുണ്ടെന്ന് കാണാം. എല്ലാ ജുമുഅകളിലും റസൂലിന്റെ മിമ്പറിൽനിന്നവർ കേൾക്കുക ദുർബലമായ റിപ്പോർട്ടുകളും പ്രയോജനശൂന്യങ്ങളായ കഥകളും ഇസ്‌ലാമിക വിധിയുടെ തെറ്റായ പ്രതിപാദനങ്ങളുമായിരിക്കും. ഇത് കേട്ടിട്ട് അമുസ്‌ലിംകൾ മുസ്‌ലിംകളാവുന്നതു പോവട്ടെ ബുദ്ധിയുള്ള ഒരു മുസ്‌ലിമിന്ന് ഇസ്‌ലാമിൽ ഉറച്ചുനിൽക്കുകപോലും പ്രയാസകരമായിരിക്കും.

മതപരമായ വഴക്കുകൾക്കു പുറമേ ഇപ്പോൾ മുസ്‌ലിംകൾക്കിടയിൽ രാഷ്ട്രീയ വഴക്കുകളും ശക്തിപ്പെട്ടുവരികയാണ്. മിസ്റ്റർ വിഭാഗത്തിൽപ്പെട്ട മൗലവിമാർക്കും മൗലവി വിഭാഗത്തിൽപെട്ട മിസ്റ്റർമാർക്കും ഇമാമത്തിന്നും ജുമുഅ പ്രസംഗത്തിനും അവസരം കിട്ടുന്നിടത്തെല്ലാം അവർ യാതൊരു നിയന്ത്രണവുമില്ലാതെ തങ്ങളുടെ രാഷ്ട്രീയ ചിന്താഗതികൾക്ക് പിൻബലം നൽകുകയും എതിരാളികളെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യാനാണ് ആ അവസരം ഉപയോഗപ്പെടുത്തുന്നത്. ഈ പ്രവണത വളരുകയാണെങ്കിൽ അത് മുസ്‌ലിംകൾക്ക് ഒരുമിച്ചു നമസ്കരിക്കാൻപോലും പ്രയാസകരമായിത്തീരുന്ന ഒരു 'ഫിത്ന'യായി മാറും. അതോടെ പോളിംഗ് സ്റ്റേഷനിൽ നടക്കുന്നതെല്ലാം പള്ളികളിലും നടമാടും. അവസാനം ഓരോ രാഷ്ട്രീയ ചിന്താഗതിക്കാരനും വെവ്വേറെ പള്ളികളുമായി കഴിഞ്ഞുകൂടും.

ഖുത്ബ അനറബി ഭാഷയിൽ നടപ്പിലാക്കുന്നതിനു മുമ്പ് ഈ ദൂഷ്യങ്ങളുടെ പരിഹാരത്തെപ്പറ്റി നിങ്ങൾ ചിന്തിക്കേണ്ടിയിരിക്കുന്നു. ജുമുഅ പ്രസംഗം തയ്യാറാക്കുന്ന ഉത്തരവാദിത്വം പക്വമതികളായ പണ്ഡിതൻമാർ ഉൾക്കൊള്ളുന്ന ഒരു സമിതി ഏറ്റെടുക്കുകയും തർക്കപ്രശ്നങ്ങളൊന്നും സ്പർശിക്കാതെ മുസ്‌ലിംകളിൽ ശരിയായ മതചൈതന്യം വളർത്താനുതകുന്ന പ്രസംഗങ്ങൾ അവർ തയ്യാറാക്കുകയും ചെയ്യുക. പിന്നീട് ഇന്ത്യയിലെ എല്ലാ സ്ഥലത്തുമുള്ള നല്ല ചിന്താഗതിക്കാരായ സ്വാധീനമുള്ള എല്ലാ ആളുകളും ജുമുഅ പ്രസംഗത്തിന് ഈ കേന്ദ്രസമിതി തയ്യാറാക്കുന്ന പ്രസംഗങ്ങൾ ഉപയോഗപ്പെടുത്താൻ പരിശ്രമിക്കുകയും ചെയ്യുക. എന്റെ അഭിപ്രായത്തിൽ ഈ പ്രശ്നത്തിന്റെ പരിഹാരം ഇതൊന്നു മാത്രമാണ്. ഇത്തരം ഒരു വ്യവസ്ഥ ഉണ്ടാവുകയാണെങ്കിൽ (അതിന്നുള്ള സാധ്യത വളരെ കുറവായാണ് കാണുന്നത്.) അനറബിഭാഷയിൽ ഖുത്ബ നിർവഹിക്കുന്നതിന് പരിശോധിച്ചിടത്തോളം ശർഇയായ യാതൊരു തടസ്സവും ഞാൻ കാണുന്നില്ല. ഇത്തരം ഒരു വ്യവസ്ഥ സാധ്യമല്ലെങ്കിൽ അറബിയിലുള്ള പുരാതന ഖുത്ബാ സമ്പ്രദായം തന്നെ തുടരാൻ അനുവദിക്കുക എന്നതാണ് 'മസ്‌ലഹ'ത്തിന്റെ താല്പര്യം. പ്രയോജനമില്ലെങ്കിലും അവ മൂലം ഉപദ്രവമൊന്നുമില്ലല്ലോ. ഇനി ഭാഗ്യത്തിന് ഈ ബാധ്യത ഭംഗിയായി നിർവഹിക്കാൻ സാധിക്കുന്ന യോഗ്യനായ ഒരു പ്രസംഗകനെ ലഭിക്കയാണെങ്കിൽ അത് പ്രയോജനപ്പെടുത്താൻ മടിക്കുകയും അരുത്. (തർജുമാനുൽ ഖുർആൻ, മാർച്ച് - 1937)

* ഇബ്നു ഹുമാം പറയുന്നു:

فاسعوا إلى ذكر الله: فالظاهر ان المراد بالذكر الصلوة ويجوز كون المراد به الخطبة (فتح القدير

റൂഹുൽ മആനിയുടെ കർത്താവ് എഴുതുന്നു:

സഈദുബ്നു മുസയ്യബിന്റെ പക്ഷത്തിൽ ദിക്റ് എന്നാൽ ഇമാമിന്റെ ഉപദേശമാണ്. ഖുതുബ മാത്രമാണെന്നാണ് ജസ്സാസിന്റെ അഭിപ്രായം.

ويدل على ان المراد بالذكر هنا هو الخطبة لان الخطبة هي التي تلي النداء وقد امر بالسعى إليه فدلّ على ان المراد الخطبة (احكام القرآن للجصاص)

---

* ഈ വിഷയത്തിൽ ഹ: ഉസ്മാനി(റ)ന്റെ സംഭവത്തിൽനിന്ന് തെളിവ് പിടിക്കുന്നത് ശരിയല്ല. കാരണം, ഒന്നാമതായി ഉസ്മാൻ (റ) അത് മനഃപൂർവം ചെയ്തതല്ലെന്ന് പ്രസ്തുത സംഭവത്തിൽനിന്ന് സ്വയം വ്യക്തമാണ്. കലാപത്തിന് വന്ന ജനക്കൂട്ടം സൃഷ്ടിച്ച ഭീകരമായ അന്തരീക്ഷത്തിൽ നിർബന്ധിതനായിക്കൊണ്ട് അദ്ദേഹം ഖുത്ബ ചുരുക്കി. രണ്ടാമതായി, അദ്ദേഹം ഹംദിലും സനാഇലും മാത്രം ഖുത്ബ പരിമിതമാക്കി എന്നു പറയുന്നതും ശരിയല്ല. യഥാർഥ സംഭവം ഇപ്രകാരമാണ്: തന്റെ സംസാരത്തിന് ഫലമുണ്ടാവില്ലെന്ന് കണ്ടപ്പോൾ അദ്ദേഹം ഇതുമാത്രം പറഞ്ഞു ഇരുന്നു കളഞ്ഞു:

ان ابا بكر وعمر كانا يعدّان لهذا المقام مقالا وانتم إلى امام فعّال احوج منكم إلى امام قوّال وسنأتيكم الخطب بعد واستغفر الله لي ولكم

(അബൂബക്കറും ഉമറും ഈ സ്ഥലത്ത് പ്രസംഗം തയ്യാറാക്കിയായിരുന്നു വന്നിരുന്നത്. എന്നാൽ പ്രസംഗിക്കുന്ന ഒരു നേതാവിനേക്കാൾ പ്രവർത്തിക്കുന്ന ഒരു നേതാവിനെയാണ് നിങ്ങൾക്കിപ്പോൾ ആവശ്യം. പ്രസംഗം പിന്നീട്. എനിക്കും നിങ്ങൾക്കും അല്ലാഹു പൊറുത്തുതരട്ടെ.)

---

* ചില റിപ്പോർട്ടുകൾ പ്രകാരം ഖുത്ബ പ്രശ്നത്തിൽ ഇമാം അബൂഹനീഫ(റ) യുടെ അതേ അഭിപ്രായം തന്നെയാണ് ഇമാം അബൂയൂസുഫി(റ)നും ഇമാം മുഹമ്മദി(റ)ന്നുമുള്ളത്. എന്നാൽ അനറബി ഭാഷയിൽ ഖുത്ബ നിർവഹിക്കൽ അനുവദനീയമാണെന്ന് അവർ അഭിപ്രായപ്പെട്ടത് അറബിയിൽ നിർവഹിക്കാൻ സാധിക്കാത്ത ആളെസ്സംബന്ധിച്ചു മാത്രമാണെന്നാണ് മറ്റു ചില റിപ്പോർട്ടുകളിൽ കാണുന്നത്.

والمراد بذكر الله الخطبة والصلوة وستعلم ان المراد به الصلوة وجواز كون المراد به الخطبة

---

* അനറബി വിഭാഗങ്ങളുമായി സംസാരിക്കാനും കത്തിടപാടുകൾ നടത്താനും നബി തിരുമേനി(സ) സെക്രട്ടറി സൈദുബ്നു സാബിത്തി(റ)നെ സുറിയാനി ഭാഷ പഠിപ്പിച്ചിരുന്നുവെന്ന് ഇത്തരുണത്തിൽ മനസ്സിലാക്കുന്നത് പ്രയോജനപ്രദമായിരിക്കും (അൽഇസ്തീആബ് by ഇബ്നു അബ്ദിൽ ബർറ്, വാ. 1, പേ. 189). ഇതുപോലെത്തന്നെ അനറബി ഭാഷകളിൽ പ്രാവീണ്യം നേടിയ മറ്റു ചില സഹാബിവര്യന്മാരെ സംബന്ധിച്ച പരാമർശങ്ങളും ചരിത്രത്തിൽ കാണാവുന്നതാണ്.